**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2670** **23-02-2026 - ൽ മറുപടിയ്ക്ക്**

**തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിൽ നടപ്പിലാക്കി വരുന്ന വികസന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആന്റണി ജോൺ | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | കോതമംഗലം മണ്ഡലത്തിലെ തൃക്കാരിയൂർ മഹാദേവ ക്ഷേത്രത്തിൽ ദേവസ്വം ബോർഡ് നടപ്പിലാക്കി വരുന്ന വികസനപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും പ്രസ്തുത പ്രവൃത്തികളുടെ നിലവിലെ സ്ഥിതിയും വിശദമാക്കാമോ; | (എ) | നിലവിൽ തൃക്കാരിയൂർ ദേവസ്വത്തിൽ വികസന പ്രവർത്തനങ്ങൾ നടന്നു വരുന്നില്ല. |
| (ബി) | വികസന പ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ, വ്യക്തമാക്കാമോ; | (ബി) | വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ എസ്റ്റിമേറ്റുകൾക്ക് ഭരണാനുമതി ലഭ്യമാക്കി ടെൻഡർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. |
| (സി) | ക്ഷേത്രവുമായി ബന്ധപ്പെട്ട് പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | ക്ഷേത്രവുമായി ബന്ധപ്പെട്ട് പുതിയതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഭജനമഠത്തിന്റെ അറ്റകുറ്റപണികളും പുനരുദ്ധാരണവും<br>2. ദേവസ്വം ഓഫീസിന്റെ അറ്റകുറ്റപ്പണികൾ.<br>3. ഭജനമഠത്തോട് അനുബന്ധിച്ചുള്ള ടോയ് ലറ്റിന്റെ നിർമ്മാണം.<br>4. ഊട്ടുപുരയുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ. |

സെക്ഷൻ ഓഫീസർ